ദേശാഭിമാനി 25 May 2022




ഡോ. എ ഗോപാലകൃഷ്ണൻ വാസ്‌വിക് ഗവേഷണ പുരസ്കാരം ശ്രീകാന്ത് ബാഡ്‌വേയിൽനിന്ന് ഏറ്റുവാങ്ങുന്നു. പ്രൊഫ. എം എം ശർമ, നയൻ പട്ടേൽ എന്നിവർ സമീപം

# ഡോ. എ ഗോപാലകൃഷ്ണന് വാസ്‌വിക് ഗവേഷണ പുരസ്കാരം

**കൊച്ചി**

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണന് 2020ലെ വാസ്‌വിക് ഇൻഡസ്ട്രിയൽ റിസർച്ച് പുരസ്കാരം ലഭിച്ചു. അഗ്രികൾച്ചറൽ സയൻസസ് ആൻഡ് ടെക്നോളജി വിഭാഗത്തിൽ മത്സ്യ ജനിതക ഗവേഷണ മേഖലയിലെ നേട്ടങ്ങൾക്കുള്ള അംഗീകാരമായാണ് പുരസ്കാരം നൽകുന്നത്.

പ്രശസ്തിപത്രവും ഒന്നരലക്ഷം രൂപയുമടങ്ങുന്ന പുരസ്കാരം മുംബൈയിൽ നടന്ന ചടങ്ങിൽ ഡോ. ഗോപാലകൃഷ്ണൻ ഏറ്റുവാങ്ങി. വ്യവസായി ശ്രീകാന്ത് ബാഡ്‌വേ പുരസ്കാരം സമ്മാനിച്ചു.